# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2246

26.03.2013ൽ മറുപടിക്ക്.

### ഗെയിൽ ഗ്യാസ് ലിമിറ്റഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) 2012-2013 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം കെ.എസ്.ഐ.ഡി.സി. യും ഗെയിലും ചേർന്നുള്ള കേരളാ ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനിയുടെ സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) | 2011 നവംബർമാസം നിലവിൽ വന്ന കേരള ഗെയിൽ ഗ്യാസ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കേരളത്തിലെ നഗരങ്ങളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, വിവിധ പ്രദേശങ്ങളിൽ ഉപഭോക്താക്കളിലേക്കുള്ള പൈപ്പ് ലൈനുകൾ, സി.എൻ.ജി. സ്റ്റേഷനുകൾ, ഗ്യാസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഗ്യാസ് എക്യൂപ്മെന്റ് റീട്ടെയിലിങ്, ഡിസ്ട്രിബ്യൂട്ടഡ് പവർ ജനറേഷൻ എന്നിവ നടപ്പാക്കലാണ്. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തിയിരുന്നത് ചെലവഴിച്ചുവോ; | ബി) | ഈ പദ്ധതിക്കായി 2012-2013 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 12.21 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുകയാണ്. ഈ പദ്ധതിക്കായി കെ.എസ്.ഐ.ഡി.സി ഇതിനോടകം 230.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി)ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | സി) | കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ്. കെ.എസ്.ആർ.ടി.സി ബസ്സുകൾക്കുവേണ്ടി സി.എൻ.ജി. സ്റ്റേഷനുകളും ഗ്യാസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പാലക്കാട് ഡിസ്ട്രിബ്യൂട്ടഡ് പവർ ജനറേഷൻ യൂണിറ്റും തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കെ.എസ്.ആർ.ടി.സിക്കായി ഒരു സി.എൻ.ജി. സ്റ്റേഷനും സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിനായി മദർ സ്റ്റേഷൻ തുടങ്ങുവാൻ സ്ഥലമെടുക്കുന്നതിനും, ഗ്യാസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പെട്രോളിയം ആന്റ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ (PNGRB) അനുമതി ആവശ്യമാണ്. എറണാകുളം ജില്ലയിൽ CGD പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി PNGRB ടെണ്ടറുകൾ വിളിച്ചിരുന്നെങ്കിലും പിന്നീട് റദ്ദ് ചെയ്യുകയുണ്ടായി. വീണ്ടും ടെണ്ടറുകൾ വിളിക്കുന്നതിനായി PNGRB യോട് കെ.എസ്.ഐ.ഡി.സി ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ